**ജൂൺ 6, 7 തിയ്യതികളിൽ തൃശൂർ 'കില'യിൽവെച്ച് നടന്ന ഭാരതപ്പുഴയുടെ പുനരുജ്ജീവനത്തിനായുള്ള ജനകീയ കൂട്ടായ്മയിൽ ഗ്രൂപ്പ് ചർച്ചയ്ക്കായി അവതരിപ്പിച്ച സമീപനരേഖ. നാളുകളായി ഭാരതപ്പുഴയോട് ചെയ്യുന്ന അനീതികൾ തിരിച്ചറിഞ്ഞുകൊണ്ട് തിരുത്തലുകൾ നടത്താനും വിശദമായ കർമ്മപദ്ധതികൾക്ക് രൂപം നല്കാനുമായുള്ള തുടർ ചർച്ചകൾ പ്രതീക്ഷിക്കുന്നു.**

# ഭാരതപ്പുഴ ചരിത്രം, വർത്തമാനം അതിജീവനം

ഡോ. സതീഷ്ചന്ദ്രൻ നായർ

ഏതു നദിയുടേയും സ്വഭാവവും അതിന്റെ ആരോഗ്യവും ആ നദീതടത്തിലെ മനുഷ്യസമൂഹങ്ങളുടെ ജീവിതരീതികളും ജീവിതാവശ്യങ്ങളേയും ഗണ്യമായി സ്വാധീനിക്കും. തിരിച്ച് ആ മനുഷ്യരുടെ ചുറ്റുപാടുകളിലുള്ള എല്ലായിടപെടലുകളും നദിയുടെ ആരോഗ്യത്തേയും ബാധ. ഭാരതപ്പുഴയുടെ പുരനരുജ്ജീവനത്തിനായുള്ള ചിന്തകളിൽ ആദ്യം വേണ്ടത് ആവുന്നത്ര വ്യക്തതയിൽ പുഴയെ കാണുകയാണ്. പിന്നെ അതൊഴുകുന്ന നാടിന്റെ ഇന്നലെകളും ഇന്നും സമഗ്രതയിൽ ഉൾക്കൊള്ളുകയും അവിടത്തെ മനുഷ്യപ്രവർത്തനങ്ങളെ വിലയിരുത്തുകയുമാണ് വേണ്ടത്.

ഈ ചർച്ചകളിൽ അന്വേഷണ സൗകര്യത്തിന് നദിയെ ബാധിക്കുന്ന മനുഷ്യന്റെ ഇടപെടലുകളെ മൊത്തത്തിൽ രണ്ടായി വേർതിരിച്ചിരിക്കുന്നു. അതിലൊന്നാമത്തേത് മനുഷ്യൻ നദിയെ നേരിട്ട് ജലത്തിനാശ്രയിക്കുന്നതും സ്വാധീനിക്കുന്നതുമായ പ്രവർത്തനങ്ങളാണ്. ഇവിടെ സമൂഹം നദിയെ ഒരു ജലസ്രോതസ്സെന്ന നിലയിൽ മാത്രം കാണുകയാണ്. രണ്ടാമത്തേത് ആ നദീതടപ്രദേശത്ത് നദീപ്രവാഹത്തെ, ജീവിക്കുന്ന നദിയെ, നേരിട്ട് കാണാതെ ആ ഭൂപ്രദേശത്തെ, മണ്ണിനെ, ജൈവവിഭവങ്ങളെ മനുഷ്യനുപയോഗിക്കുന്നതും മാറ്റിമറിക്കുന്നതുമാണ്.

നീർത്തടാധിഷ്ഠിത വികസന സമീപനം ഇന്നു പരസ്പരം അകന്നു പോകുന്ന മേൽപറഞ്ഞ ഈ രണ്ടു കാഴ്ചപ്പാടുകളും സമന്വയിപ്പിച്ച് മനുഷ്യന്റെ നിലനിൽപ്പും വികസനവും പരസ്പരപൂരകവും നീതിപരവും സുസ്ഥിരവുമാക്കാനുള്ള ശ്രമമാണ്. ഈ സമഗ്രത നമ്മുടെ എല്ലാവരുടേയും വ്യക്തിദർശനങ്ങളിലും അറിവിലും ജീവിതവൃത്തികളിലും സമൂഹകാഴ്ചപ്പാടിലും പ്രവർത്തനങ്ങളിലും എങ്ങനെ നദീസംരക്ഷണത്തിനായി വളർത്താമെന്നും ലഭ്യമാക്കാമെന്നുമുള്ളതാണ് ചർച്ചകളുടെ ലക്ഷ്യം. ഇന്നു നാം നിളാനദിയെ ബാധിക്കുന്ന പ്രശ്നങ്ങളായി തിരിച്ചറിയുന്ന വ്യത്യസ്തവിഷയങ്ങൾ കൂടുതൽ ആഴത്തിൽ വിശകലനം ചെയ്ത് അവയിലെല്ലാം അന്തർലീനമായിരിക്കുന്ന, അവയെ പരസ്പരം ബന്ധപ്പെടുത്തുന്ന, പൊതുവസ്തുതകൾ കണ്ടെത്തണം. നാം നമ്മുടെ ഇന്നുള്ള പല തെറ്റായ സങ്കൽപ്പങ്ങളും തിരുത്തണം. നദീപുനരുജ്ജീവനം പൂർണ്ണമായി ജനപങ്കാളിത്തമാവശ്യമുള്ള ഒരു ദീർഘകാല പ്രവർത്തനമാണ്. അത്തരമൊരു പ്രവർത്തനത്തിനു വേണ്ടിയാണ് ഈ കൂടിച്ചേരൽ. അന്വേഷണത്തിലും വിശകലനത്തിലും പ്രായോഗികപ്രവർത്തനങ്ങളിലും ആശയവ്യാപനത്തിലുമൊക്കെ നമുക്കെല്ലാവർക്കും പങ്കുണ്ട്. അവയിൽ നമ്മുടെ താൽപര്യങ്ങളെ, ചുമതലകളെ സ്വയം കണ്ടെത്താൻ കൂടിയാണ് നാം ഒന്നിച്ചിരിക്കുന്നത്. ഒരു നദീപുനഃസ്ഥാപനത്തിന് ആവശ്യമായ സമഗ്ര ദീർഘകാല പദ്ധതി ആസൂത്രണം ചെയ്യാൻ വേണ്ടത്ര വിവരങ്ങൾ ഇന്നു നമുക്ക് ലഭ്യമല്ല. പ്രത്യേകിച്ച് കാലാവസ്ഥയും ആവാസവ്യവസ്ഥകളും മറ്റു പല പ്രകൃതിസാഹചര്യങ്ങളും പാരിസ്ഥിതികത്തകർച്ച കാരണം അതിവേഗം മാറുന്നതുകൊണ്ട് താല്പര്യമുള്ള വളരെക്കൂടുതൽ ആളുകൾകൂടി ഉൾക്കൊള്ളുന്ന പഠനസംഘങ്ങൾ വിവിരശേഖരണത്തിനു തയ്യാറാവണം. ഈ നദീതടത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പഠനസംഘമുണ്ടാവണം. ശേഖരിക്കേണ്ടുന്ന വിവരങ്ങളെപ്പറ്റി വ്യക്തമായ മുൻധാരണയുണ്ടാവണം. എന്നാൽ അപ്രതീക്ഷിത കണ്ടെത്തലുകളെ ഒഴിവാക്കാതെയുമിരിക്കണം. അടിസ്ഥാനവിവരങ്ങൾ വിശകലനം ചെയ്തു കർമ്മ പരിപാടിയുണ്ടാക്കണം.



**ഗ്രൂപ്പ് ചർച്ചക്കുള്ള വിഷയങ്ങൾ**

അതിവിശാലവും ഏറെ വൈവിദ്ധ്യമാർന്നതുമായ വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. പരിമിതമായ സമയത്തിനുള്ളിൽ ചർച്ച പ്രസക്തവും പ്രയോജനകരവും അതേസമയം ഒരു കർമ്മപരിപാടിയിലേക്ക് എത്തിക്കേണ്ടതുമുള്ളതുകൊണ്ട് ചർച്ചാവിഷയങ്ങൾ ആറ് വ്യത്യസ്ത തീമുകളെ കേന്ദ്രീകരിച്ചായിരിക്കും. വ്യത്യസ്തമെങ്കിലും ആറ് ചർച്ചാവിഷയങ്ങളും പരസ്പരം ബന്ധപ്പെട്ടതും കുറച്ചൊക്കെ ആവർത്തിക്കപ്പെടുന്നതുമായിരിക്കും.

ആറു ഗ്രൂപ്പുകളുടേയും ചർച്ചാവിഷയങ്ങളുടെ സൂചന പൊതുവായൊരു ആമുഖത്തിനൊപ്പം താഴെ കൊടുത്തിട്ടുണ്ട്.

**ഒന്നാം ഗ്രൂപ്പിന്റെ ചർച്ചാവിഷയം ഭാരതപ്പുഴയുമായി ബന്ധപ്പെടുത്തിയുള്ള കൃഷിഭൂമികളും കാർഷികമാറ്റവുമാണ്.**

6186 ച.കി.മീ. വിസ്തൃതിയുള്ള ഭാരതപ്പുഴത്തടത്തിന്റെ 1786 ച.കി.മി. തമിഴ്നാട്ടിലാണ്. മൊത്തം നദീതടത്തിൽ കഷ്ടിച്ച് 1200ചയകി.മീ. കൃഷിചെയ്യാത്ത വനഭൂമിയാണ്. ഇതൊട്ടുമുക്കാലും അതിന്റെ ഭൂപ്രകൃതി കാലാവസ്ഥാപ്രത്യേകതകൾ കൊണ്ടുതന്നെ കൃഷിചെയ്യാനൊട്ടും അനുയോജ്യമല്ലാത്ത പ്രദേശങ്ങളാണ് താനും. ഈ പ്രദേശത്തെ നദീതടത്തിലെ സ്വാഭാവിക ഭൂപ്രദേശമെന്ന് (Natural Landscape) വിളിക്കാം. ബാക്കിയുള്ളതൊക്കെയും മനുഷ്യസംസ്കാരങ്ങൾ പരുവപ്പെടുത്തിയ (Cultural Landscape) ഭൂപ്രദേശങ്ങളാണ്. ഈ രണ്ടു തരത്തിലുള്ള ഭൂപ്രദേശങ്ങൾ തമ്മിൽ ആരോഗ്യപരമായൊരു അനുപാതമുണ്ടെങ്കിലേ നദിക്കും ആരോഗ്യമുണ്ടാവൂ. ഭാരതപ്പുഴക്ക് ഇന്ന് ഈ അനുപാതം വളരെ അനാരോഗ്യകരമായ സ്ഥിതിയിലാണ്. അതു തിരുത്തുകയാണ് പുഴയുടെ ആരോഗ്യം വീണ്ടെടുക്കാനുള്ള ഏറ്റവും പ്രധാന പ്രവർത്തനം. എങ്കിലും ഭൂവിനിയോഗരീതിയിൽ വലിയ അടിസ്ഥാനമാറ്റങ്ങൾ വരുത്താൻ ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയ സാഹചര്യത്തിൽ സാധ്യമല്ല. മറിച്ച് ഒട്ടേറെ ചെറിയ തിരുത്തലുകൾ കൃഷിഭൂമികളിലും സ്വാഭാവിക ഭൂപ്രദേശങ്ങളിലുള്ള നമ്മുടെ പരിചരണങ്ങളിലും വരുത്തി അവയുടെ പാരിസ്ഥിതിക ധർമ്മങ്ങളെ ശക്തിപ്പെടുത്താം. (Restoring, reinforcing the ecosystem functions of all landscape sub units particularly manipulatd land)

കേരളത്തിന്റെയുള്ളിൽ പെടുന്ന 4400ച.കി.മീ. ഭാരതപ്പുഴത്തടത്തിൽ ഏകദേശം 800ച.കി.മീ. സർക്കാർ വനഭൂമി കഴിഞ്ഞ് ബാക്കിയുള്ള ഭൂപ്രദേശം കൃഷിഭൂമിയോ കൃഷിക്കുപയുക്തമായ തരിശോ വനേതര പൊതുഭൂമികളോ പാർപ്പിടങ്ങളോ മറ്റു നിർമ്മിതികളോ അല്ലെങ്കിൽ നാഗരിക സൗകര്യങ്ങൾക്ക് നീക്കിവച്ചിരിക്കുന്ന ഭൂപ്രദേശങ്ങളോ ആണ്. കേരളത്തിലെ മറ്റേത് നദീതടത്തേയും അപേക്ഷിച്ച് ആപേക്ഷികമായി ഭാരതപ്പുഴത്തടത്തിൽ മൊത്തം കൃഷിഭൂമിയിൽ നെൽവയലുകൾ വിസ്തൃതിയിൽ കൂടുതലായുണ്ട്. അതുകൊണ്ട് ജലാവശ്യം കൂടുതലാണെന്നതു പോലെ ജലസംരക്ഷണസാദ്ധ്യതകളും കൂടുതലാണ്.

ഭാരതപ്പുഴയുടെ ഇന്നത്തെ ശോചനീയ അവസ്ഥയ്ക്ക് മൊത്തം നദീതടത്തിൽ വന്ന മാറ്റങ്ങളും കാരണമാണെങ്കിലും വിസ്തൃതിയിൽ കൂടുതലുള്ള കൃഷിഭൂമികളുടെ സ്ഥിതി പ്രത്യേകിച്ചു വിലയിരിത്തേണ്ടതുണ്ട്. പാരിസ്ഥിതികമായി കൂടുതൽ മാറ്റപ്പെട്ടിട്ടുള്ള വ്യക്തിതീരുമാനങ്ങളും ഇടപെടലുകളും നിയന്ത്രിക്കുന്ന കൃഷിഭൂമികളുടെ വിനിയോഗ രീതികളാണ് നദിയെ ഏറ്റവും ശക്തമായി ബാധിക്കുന്നത്. ആഗോളകാലാവസ്ഥാമാറ്റത്തിന്റെ പശ്ചാത്തലത്തിൽ ജലദൗർലഭ്യതയും ഭക്ഷ്യസുരക്ഷിതത്വവും ദേശീയതലത്തിൽ തന്നെ അടിസ്ഥാനപ്രശ്നങ്ങളാകുന്ന ഇക്കാലത്ത് ഭാരതപ്പുഴത്തടത്തിലും കൃഷിഭൂമിയുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ചും അവിടെ വരുത്തേണ്ടുന്ന മാറ്റങ്ങളെക്കുറിച്ചും മുൻവിധികളില്ലാതെ അന്വേഷിക്കേണ്ടതും പൊതു ചർച്ചകളിൽ ഉന്നയിക്കേണ്ടതും ഏറ്റവും അവശ്യം ആവശ്യമാണ്.

കൃഷിയെന്ന അടിസ്ഥാന മനുഷ്യസാമൂഹ്യപ്രവൃത്തി ഭാരതപ്പുഴത്തടത്തെ എങ്ങനെ ബാധിക്കുന്നു എന്നത് കൃഷിഭൂമിയുമായി ബന്ധപ്പെട്ട മൂന്ന് ദിശകളിലാണ് അന്വേഷണം നടത്തേണ്ടത്. ഒന്നാമതായി

**ഭാരതപ്പുഴയുടെ ഇന്നത്തെ ശോചനീയ അവസ്ഥയ്ക്ക് മൊത്തം നദീതടത്തിൽ വന്ന മാറ്റങ്ങളും കാരണമാണെ ങ്കിലും വിസ്തൃതിയിൽ കൂടുതലുള്ള കൃഷിഭൂമികളുടെ സ്ഥിതി പ്രത്യേകിച്ചു വിലയിരിത്തേണ്ടതുണ്ട്. പാരിസ്ഥി തികമായി കൂടുതൽ മാറ്റപ്പെട്ടിട്ടുള്ള വ്യക്തിതീരുമാനങ്ങ ളും ഇടപെടലുകളും നിയന്ത്രിക്കുന്ന കൃഷിഭൂമികളുടെ വിനയോഗ രീതികളാമ് നദിയെ ഏറ്റവും ശക്തമായി ബാധി ക്കുന്നത്.**

കൃഷിഭൂമിക്കു വന്ന മാറ്റങ്ങൾ (Changes in the agricultural lands). രണ്ടാമത് കൃഷിരീതിക്ക് വന്ന് മാറ്റങ്ങൾ (Changes in agricultural patterns). മൂന്ന് കൃഷിവിളകൾക്കു വന്ന മാറ്റങ്ങൾ (Changes in the crop combinations and in the crops). ഇവ മൂന്നും നദീതട സ്വഭാവത്തെ, ജലലഭ്യതയെ എങ്ങനെ ബാധിച്ചു എന്നതു നാം കണ്ടെത്തണം.

ഭാരതപ്പുഴത്തടത്തിലെ പരിസ്ഥിതിമാറ്റങ്ങളും മനുഷ്യപ്രവൃത്തികളും പ്രത്യേകിച്ച് കാർഷികമാറ്റങ്ങളും തുടർച്ചയുള്ളതാണെങ്കിലും നദിയെ ബാധിച്ച പ്രശ്നങ്ങളെ വിലയിരുത്താൻ ഈ മാറ്റങ്ങളെ മൂന്നു കാലഘട്ടങ്ങളിൽ സംഭവിച്ചവയായി വേർതിരിച്ചു കണക്കാക്കാം. ആദ്യത്തേത് 1950–70 കാലഘട്ടത്തിലും, രണ്ടാമത്തേത് 1970–90 കാലഘട്ടത്തിലും മൂന്നാമത് 1990–കൾക്കു ശേഷം ഇതുവരെ വന്ന മാറ്റങ്ങളുമാണ്. ഇവയെ വേർതിരിച്ചു കാണുന്നത് നല്ലതായിരിക്കും.

ഈ നദീതടത്തിലെ മാറ്റങ്ങൾ മനുഷ്യസമൂഹത്തെ കേന്ദ്രീകരിച്ച് പഠനവിധേയമാക്കിയാൽ അവയെ സാമൂഹ്യമാറ്റങ്ങളായും സാമ്പത്തിക മാറ്റങ്ങളായും രാഷ്ട്രീയമാറ്റങ്ങളായും വിശകലനം ചെയ്യാം. ഇവയിലെല്ലാത്തിലും പരിസ്ഥിതിമാറ്റങ്ങളുടെ ശക്തമായൊരു അന്തർധാരയുമുണ്ടാവും. പരിസ്ഥിമാറ്റങ്ങൾ മറ്റെല്ലാ മാറ്റങ്ങൾക്കും കാരണവും മറ്റെല്ലാ മാറ്റങ്ങളാലും സ്വാധീനിക്കപ്പെടുന്നതുമാണ്. സമൂഹത്തിലെ മേൽപറഞ്ഞ മൂന്നു പ്രവണതകളും ഒരേ സമയം സമാന്തരമായും കെട്ടുപിണഞ്ഞ് പരസ്പരപൂരകമായും സംഭവിക്കുന്നു.

ഭാരതപുഴത്തടത്തിലെ കാർഷികപ്രവർത്തനങ്ങൾ നദീസംരക്ഷണവുമായി ബന്ധപ്പെട്ട് വിലയിരുത്തുമ്പോൾ നെൽവയലുകൾക്കും നെൽക്കൃഷിക്കുമാണ് പരമപ്രാധാന്യം. നെൽക്കൃഷി സമൂഹഘടനയ്ക്കുള്ളിൽ ഭൂവുടമയും പണിയെടുക്കുന്നവരും തമ്മിലുള്ള സങ്കീർണ്ണബന്ധങ്ങളെ ആശ്രയിച്ചിരിക്കും. അടുത്തത് വയലുകളില്ലാത്ത കൃഷിയാണ്. പറമ്പുകൃഷി എന്നിതിനെ വിളിക്കാം. വീടുകൾക്കും ചുറ്റിലും എത്ര കുറച്ചു ഭൂമിയിലാണെങ്കിലും അല്ല കൂടുതൽ വിശാലമായ കൃഷിഭൂമിയിലാണെങ്കിലും ഒരു പ്രത്യേക കാർഷിക ആവാസവ്യവസ്ഥ സൃഷ്ടിക്കുകയായിരുന്നു ഈ പാരമ്പര്യകൃഷിരീതിയിൽ ശ്രമിച്ചിരുന്നത്. നാണ്യവിളത്തോട്ടകൃഷിയാണ് മൂന്നാമത്തേത്. ഭൂവിനിയോഗരീതിക്കനുസരിച്ചുള്ള അനുപാതം ഭാരതപ്പുഴത്തടത്തിന്റെയുള്ളിൽ മേൽപ്പറഞ്ഞ വിധത്തിൽ തന്നെയായിരുന്നു. ഭൂപ്രകൃതി വ്യത്യാസങ്ങൾ കൊണ്ട് ഈ അനുപാതത്തിനു ചെറിയ പ്രാദേശിക ഏറ്റക്കുറച്ചിലുകളുണ്ടാവും.

1950–70 കാലഘട്ടത്തിൽ സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ആസൂത്രിതവികസനം പഞ്ചവത്സരപദ്ധതികളിലൂടെ പുത്തൻ ശാസ്ത്രസാങ്കേതിക ആശയങ്ങളുമായി പാലക്കാടൻ, കൃഷിഭൂമികളിലേക്കു ശക്തമായി കടന്നുവന്നു. ഭക്ഷ്യവിളകളുടെ പ്രത്യേകിച്ച് നെല്ലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ കൂടുതൽ പ്രദേശങ്ങളിലേക്ക് നെൽകൃഷി വ്യാപിപ്പിക്കുകയും കൃഷിരീതികളിൽ പുതിയ സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുകയും ചെയ്ത കാലമായിരുന്നു അത്. ഹരിതവിപ്ലവവും ഇന്നാട്ടിൽ പരീക്ഷിച്ച് തെളിയിച്ചിട്ടില്ലാത്ത ഒട്ടേറെ കാർഷികസാങ്കേതികവിദ്യകളും വ്യാപിപ്പിച്ചു. അതിനൊപ്പം കൃഷിക്കാരനിലും ഭരണകൂടത്തിലും ഭൂമിയോടുള്ള, കൃഷിയോടുള്ള സമീപനത്തിൽ അടിസ്ഥാന മാറ്റങ്ങൾ വരികയും ചെയ്തു. കൃഷിയുടെ സാമ്പത്തികശാസ്ത്രത്തിലാണ് ഏറ്റവും വലിയൊരു മാറ്റം ഇക്കാലത്ത് വന്നത്. വൻകിട അണക്കെട്ടുകളും കനാൽ ജലസേചനവും കൂടുതൽ തവണ ആണ്ടിൽ ഒരേ ഭൂമി കൃഷിചെയ്യാനും പുതിയ ഇടങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കാനും പ്രേരണയായി. ഈ കാലഘട്ടത്തിലെ വികസനം കാർഷിക ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിച്ച വിദ്യാഭ്യാസസൗകര്യങ്ങളും വാർത്താവിനിമയ യാത്രാസൗകര്യങ്ങളും ഭൂമിയെ ആശ്രയിച്ചിരുന്ന സമൂഹത്തിന്റെ ജോലി, തൊഴിൽ, കൂലി, വരുമാനം ഇവയെ ഒക്കെ കുറിച്ചുള്ള ധാരണകളിൽ വലിയ മാറ്റം വരുത്തി. എന്നാൽ പരിസ്ഥിതി ഒരു ചിന്താവിഷയമായിരുന്നില്ല. വികസനത്തിന്റെ സുസ്ഥിരതയെക്കുറിച്ച് ആർക്കും സംശയമുണ്ടായിരുന്നില്ല.

*(തുടരും)*

*പി.ബി. – 2230, തിരുവനന്തപുരം–10*


## ജൈവചന്ത തൃശൂരിൽ

ഓർഗാനിക് ബസാർ തൃശൂരിൽ നടത്താൻ ആലോചന. ജൈവകൃഷി രീതിയിലുള്ള പഴങ്ങൾ പച്ചക്കറികൾ, ധാന്യങ്ങൾ ആവശ്യമുണ്ട്.

ബന്ധപ്പെടുക :
സതീഷ് 9447096211


## തീരദേശ സംരക്ഷണ നിയമം ഭേദഗതി (CZM)

കേന്ദ്ര സർക്കാരിൽ പരാതികൾ സമർപ്പിക്കാൻ ജൂലായ് 9 വരെ സമയമുണ്ട്.

ബന്ധങ്ങൾക്ക് : ടി. പീറ്റർ, അലകൾ, തിരുവനന്തപുരം 9447429243